തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**MCW PCW 2403**

## സാഹിത്യരചന

## മിത്തും മലയാളനോവലും

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

## I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.

**(8X5 = 40)**

1. നോവൽ നിർവചനത്തിലും സ്വഭാവത്തിലും മിത്തിന്റെ സാധ്യതകൾ എന്തൊക്കെയാണ്?

2. 'മതാചാരങ്ങളും മിത്തും' എന്ന വിഷയം മുൻനിർത്തി കുറിപ്പു തയ്യാറാക്കുക.

3. മിത്ത് ഒരു മിഥ്യയാണോ? സ്വാഭിപ്രായം രേഖപ്പെടുത്തുക.

4. ചരിത്രരചനയിലെ മിത്തിന്റെ പ്രാധാന്യം കണ്ടെത്തുക.

5. മിത്തിന്റെ സാമൂഹിക പ്രാധാന്യം മുൻനിർത്തി ഏതെങ്കിലുമൊരു മിത്തിനെ പുനർനിർവചിക്കുക.

6. മിത്തുകളെ മനുഷ്യന്റെ മാനസികഘടനയുടെ അടയാളപ്പെടുത്തലുകളായി കാണാൻ കഴിയുമോ? സ്വമതം സമർത്ഥിക്കുക.

7. മിത്തുകളിലെ ആഖ്യാനരീതിയും ഭാവുകത്വവും നോവലുകളിൽ എങ്ങനെ പുനർനിർമിക്കപ്പെടുന്നു?

8. മിത്തുകൾ കലയിലും സാഹിത്യത്തിലും പുനരാവിഷ്കരിക്കപ്പെടുന്നതിന്റെ സാംഗത്യം വിശകലനം ചെയ്യുക.

9. മിത്തുകൾ പുരാവൃത്തങ്ങളോടു ചേർന്നു നിൽക്കുന്നതിന്റെ കാരണമെന്താണ്? ക്രോഡീകരിക്കുക.

10. മിത്തുകൾ നോവലിന്റെ ആഖ്യാനരീതിയെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു?'ഖസാക്കിന്റെ ഇതിഹാസം' മുൻനിർത്തി ഉപപാദിക്കുക.

## II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.

**(3X20=60)**

11. മലയാളനോവലുകളിലെ മിത്തിന്റെ സാന്നിധ്യവും അത് ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയവും വിശകലനം ചെയ്യുക.

12. ഖസാക്കിന്റെ ഇതിഹാസത്തിലെ സവിശേഷമായ ആഖ്യാനരീതി (Narrative Style) മിത്തുകളുടെ ആഖ്യാനരീതിയുമായി ചേർന്നുനിൽക്കുന്നതാണോ? ചർച്ചചെയ്യുക.

13. സമകാലമലയാളനോവലുകളിൽ പ്രത്യക്ഷപ്പെടുന്ന മിത്തോക്ലാസ്റ്റ്, മിത്തോക്രാഫ്റ്റ് സങ്കേതങ്ങൾ പ്രസ്തുത കൃതിയുടെ ഭാവുകത്വത്തെ എത്രമാത്രം മാറ്റിമറിച്ചിട്ടുണ്ടെന്നു കണ്ടെത്തുക.

14. 'മിത്തുകളിൽ പ്രതിഫലിക്കുന്ന സ്ത്രീഅവസ്ഥകൾ' എന്ന വിഷയം മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക.

******